# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമില്ലാത്ത ചോദ്യം നം. 5648 — 03/11/2016-ലെ മറുപടിയ്ക്ക്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | ഉണ്ട്.<br>പട്ടികജാതി വിഭാഗത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആവശ്യമുണ്ടെങ്കിൽ ചെയ്യുന്നതിനും ഹോസ്റ്റലുകളിൽ ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പട്ടിക വർഗ്ഗ വിഭാഗത്തിൽ ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br>ഹോസ്ററലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധസമിതി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിലെ മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികൾക്കുള്ള മെസ്സ് അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സുകൾ നിലവിൽ ഉയർന്ന നിലവാരത്തിലാണ് പ്രവർത്തിച്ചു വരുന്നത്. മെസ്സ് അലവൻസുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>പട്ടിക വർഗ്ഗ വിഭാഗത്തിൽ മെസ്സ് അലവൻസ് 50% വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | - | സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട വിദഗ്ധസമിതി നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ ജില്ലാ ഓഫീസർമാരിൽ നിന്നും ലഭ്യമാക്കി മെസ്സുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**